# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5075 06/02/2014-ൽ മറുപടിയ്ക്ക്

## സാഫ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ:<br>ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. എം. എ. വാഹീദ്:<br>ശ്രീ. ഷാഫി പറമ്പിൽ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി തീരദേശ മേഖലയിൽ പ്രവർത്തിക്കുന്ന 'സാഫ്' പുതിയ സംരംഭങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. തീരദേശ മേഖലയിലെ സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കിയുള്ള തീരമൈത്രി പദ്ധതികൾക്ക് വേണ്ടി 2013-14 വർഷം ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ 60 തൊഴിൽ സംരംഭങ്ങൾ, 8 കമ്മ്യൂണിറ്റി സ്റ്റോറുകൾ എന്നിവ ആരംഭിക്കുന്നതിനും നിലവിലുള്ള 125 സംരംഭങ്ങൾക്ക് ചാക്രിക മൂലധനം, പരിശീലനങ്ങൾ, സ്വന്തമായി സ്ഥലം ഉള്ള ഗ്രൂപ്പുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം, 200- ഓളം ഗ്രൂപ്പുകൾക്ക് ടെക്നോളജി വികസനം, വിപണന സഹായം മുതലായവ തീരമൈത്രി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) മത്സ്യത്തൊഴിലാളി സ്ത്രീ സംഘങ്ങളുടെ ഏകീകൃത ജീവനോപാധി പ്രവർത്തനങ്ങളെ ശാക്തീകരിച്ച് സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുവാനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ; | (ബി) വിവിധ ജീവനോപാധി പദ്ധതികളിലൂടെ തെരഞ്ഞെടുത്ത് പ്രവർത്തനം നടത്തിവരുന്ന ഗ്രൂപ്പുകളുടെ സുസ്ഥിരമായ നിലനില്പിനും, സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനുമായി 700-ഓളം ഗ്രൂപ്പുകൾക്ക് പലിശയില്ലാതെ 40,000/- രൂപ വരെ വായ്പ നൽകി വരുന്നു. തേയ്മാനം സംഭവിച്ചതും; ഉപയോഗശൂന്യവുമായ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നതി |

നായി 25,000/- രൂപ വരെ ഗ്രൂപ്പുകൾക്ക് തിരിച്ചടവില്ലാതെ ഗ്രാന്റായി നൽകി വരുന്നു. കൂടാതെ നൂതന ടെക്നോളജി അനുസരിച്ചുളള എല്ലാ പരിശീലനങ്ങളും ഗ്രൂപ്പുകൾ കേന്ദ്രീകരിച്ചു നൽകി വരുന്നു.

| | |
|---|---|
| (സി) സാഫിന്റെ പ്രവർത്തനങ്ങൾക്കായി 2011-14-ൽ എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചു; ഇവ ഏതെല്ലാം പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു വെന്ന വിവരം വെളിപ്പെടുത്തുമോ? | (സി) 2011-2014 കാലയളവിൽ സാഫിന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ആഫീസർ